# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5171 27-07-2015 ൽ മറുപടിക്ക്

### സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നുള്ള നിയമനം

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർ സെക്കന്ററി വകുപ്പിലെ ഒഴിവുകളിലേക്ക് സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | 13.07.2015 ലെ ജി.ഒ(ആർ.റ്റി) നം.5289/2015/ പൊ.ഭ.വ പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) രണ്ടു വ്യത്യസ്ത വകുപ്പുകളായതിനാൽ പ്രസ്തുത നിയമനം നിയമാനുസൃതമാണോ; നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത നിയമനം സാധ്യമാണോ;<br>(സി) ഹയർസെക്കന്ററി വകുപ്പിൽ വർഷങ്ങളായി ഉള്ളവരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനെ ഒരു സ്വയംപര്യാപ്തത വകുപ്പിന്റെ പദവിയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 27.04.2015-ലെ ജി.ഒ(എം.എസ്)നം.96/ 15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും , അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃസ്ഥാപനത്തിലേക്ക് വിടുതൽ ചെയ്തു. ഈ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടിയാണ് സെക്രട്ടേറിയറ്റിൽ നിന്നും 19 സെക്ഷൻ ഓഫീസർമാരെ, അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത്. സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷൻ നിയമനം ലഭിക്കുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അവസാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ